**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** **18-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലെ പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേയ്ക്കുള്ള (കാറ്റഗറി നം.111/2022) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന തീയതിയും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേക്കുള്ള (കാറ്റഗറി നം.111/2022) പി.എസ്.സി. റാങ്ക് ലിസ്റ്റ് 06.05.2025-ന് നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി രണ്ട് നിയമനങ്ങൾ നടന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാറ്റഗറിയിലേയ്ക്കുള്ള (വനം വകുപ്പ്) മുൻ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും അന്നു മുതൽ 2025 ആഗസ്റ്റ് വരെ ഡ്രൈവർ തസ്തികയിൽ വിരമിച്ചവരുടെയും സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരവും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേക്കുള്ള (കാറ്റഗറി നമ്പർ. 120/2017) മുൻ ലിസ്റ്റിന്റെ കാലാവധി 09.08.2021 ൽ അവസാനിച്ചു. മുൻ ലിസ്റ്റിന്റെ കാലാവധി അവസാനിച്ചത് മുതൽ 2025 ആഗസ്റ്റ് വരെ മരണം മൂലവും വിരമിക്കൽ മൂലവും തസ്തിക സൃഷ്ടിക്കലും വഴി ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ നാല് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആയതിൽ രണ്ട് ഒഴിവുകൾ അന്തർ ജില്ലാ സ്ഥലമാറ്റത്തിലൂടെ നികത്തുകയും രണ്ട് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ